# MALAYALAM

***(Maximum Marks : 80)***

*(Time allowed : Three hours)*

*(Candidates are allowed **additional 15 minutes** for **only** reading the paper. They must NOT start writing during this time.)*

---

*Answer questions **1, 2** and **3** in Section **A** and **four** other questions from Section **B** on at least **three** of the prescribed textbooks.*

*The intended marks for questions or parts of questions are given in brackets [ ].*

---

## SECTION A

## LANGUAGE – 40 Marks

**Question 1**

Write a composition in approximately **400** words in Malayalam on any **ONE** of the topics given below :— **[15]**

(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി നാനൂറ് വാക്കിൽ കുറയാതെ ഉപന്യാസം തയ്യാറാക്കുക.)

(i) നിങ്ങൾ സന്ദർശിച്ച ചരിത്ര പ്രാധാന്യമുള്ള ഏതെങ്കിലും സ്ഥലത്തെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

(ii) "പ്രകൃതി ദുരന്തങ്ങൾ മനുഷ്യനിർമ്മിതമോ" ? ഈ വിഷയത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രതികരിക്കുക.

(iii) ഉയർന്ന വിദ്യാഭ്യാസയോഗ്യത നേടിയവർക്കും അർഹിക്കുന്ന തൊഴിൽ ലഭിക്കുന്നില്ല, എന്നു മാത്രമല്ല തൊഴിലില്ലായ്മ രൂക്ഷമാകുന്ന സ്ഥിതി ആഗോള പ്രശ്നമായി മാറിക്കഴിഞ്ഞു. ഇതിനൊരു ശാശ്വത പരിഹാരം നിർദ്ദേശിച്ചുകൊണ്ട് ഉപന്യസിക്കുക.

(iv) കഠിനാധ്വാനവും ആത്മാർത്ഥതയുമുണ്ടെങ്കിൽ ഏതു വിജയവും കരസ്ഥമാക്കാം. വിശകലനം ചെയ്യുക.

(v) പുസ്തകങ്ങൾ ഉത്തമഗുരുനാഥന്മാരാണ്. സംസ്കാരവ്യാപനത്തിനും, ചിന്തയുടെ വികസനത്തിനും വായന വഴിയൊരുക്കുന്നു. നിങ്ങളുടെ അഭിപ്രായം വിവരിക്കുക.

(vi) താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെ ആസ്പദമാക്കി ഒരു കഥ എഴുതുക :

(a) അവിചാരിത മുഹൂർത്തം

(b) മാതൃസ്നേഹം

**Question 2**

**Read the passage given below carefully and answer in Malayalam the questions that follow, using your own words :**

**(താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ച്, ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.)**

വളരെ ക്ഷീണിതനെപ്പോലെ കാണപ്പെട്ട ഒരു സന്യാസിയോട് അയാളുടെ മേലധികാരി ചോദിച്ചു: "എന്താണ് താങ്കൾ വല്ലാതെ ക്ഷീണിച്ചു കാണപ്പെടുന്നത് ?" അയാളുടെ മറുപടി ശ്രദ്ധേയമാണ്. "പിതാവേ, എനിക്ക് എന്തുമാത്രം ജോലികളാണ് ചെയ്തു തീർക്കാനുള്ളത്. ദൈവം കനിഞ്ഞ് അനുഗ്രഹം തന്നില്ലെങ്കിൽ ഞാൻ മരിച്ചു പോകുമെന്ന് ഭയപ്പെടുന്നു. എനിക്കു രണ്ടു കഴുകന്മാരെ നിയന്ത്രിച്ചു നിർത്തണം. രണ്ടു കുതിരകളെ കടിഞ്ഞാണിട്ടു പിടിച്ചു നിർത്തണം. രണ്ടു പ്രാപ്പിടിയന്മാരെ പരിശീലിപ്പിക്കണം. ഒരു രക്ഷസിനെ കീഴടക്കണം. ഒരു സിംഹത്തെ മെരുക്കിയെടുക്കണം. ഒരു രോഗിയെ എപ്പോഴും പരിചരിക്കണം.

അയാളുടെ അധികാരി പറഞ്ഞു: "മകനെ, നീ എന്തു വിഡ്ഢിത്തമാണ് പറയുന്നത്. ഇത്രയധികം ജോലി ഒരാൾക്കു ചെയ്യാൻ എവിടെ ഇരിക്കുന്നു ? ഇങ്ങനെയെല്ലാം ചെയ്യാൻ ഞാൻ ആരോടും പറഞ്ഞിട്ടില്ലല്ലോ ?" സന്യാസി മറുപടി പറഞ്ഞു: "പിതാവേ, അക്ഷരാർഥത്തിൽ എടുക്കാൻ വേണ്ടിയല്ല ഞാൻ പറഞ്ഞത്. രണ്ടു കഴുകന്മാർ എന്നു സൂചിപ്പിച്ചത് എന്റെ രണ്ടു കണ്ണുകളാണ്. അനഭിലഷണീയമായവ ഞാൻ കാണുകയും, അതുമൂലം വികാരാവേശം ജനിക്കുകയും, ആത്മനാശത്തിലേക്കു വരാതെയുമിരിക്കാൻ അവയെ സൂക്ഷിച്ചേ മതിയാവൂ." ദൈവത്തിന്റെ ഹൃദയത്തിനൊത്തവനായ ദാവീദ് വീണുപോയത് സ്നാനത്തിനെത്തിയ ബത്ത്ശേബായെ കണ്ടതാണ്. ഏത് ആത്മീയനും കണ്ണിനെ നിയന്ത്രിച്ചേ മതിയാവൂ എന്നു ചുരുക്കം.

സന്യാസി വിശദീകരണം തുടർന്നു: "നിയന്ത്രണമില്ലാതെ കുതിച്ചോടുന്ന കുതിരകളാണ് എന്റെ പാദങ്ങൾ. ദുർമാർഗത്തിലേക്കു അവ കുതിച്ചോടുമ്പോൾ നല്ല വഴിക്കു അവയെ കടിഞ്ഞാണിട്ടു പിടിച്ചു കൊണ്ടു വരണം. നീതിപാതകളിൽ എന്നെ നടത്തണമേ എന്നുള്ള പ്രാർഥനയും എന്റെ ഗമനത്തേയും ആഗമനത്തെയും കാത്തു കൊള്ളണമേ എന്ന പ്രാർത്ഥനയും ഈ ആശയം വ്യക്തമാക്കുന്നു."

സന്യാസി തുടരുന്നു: "എന്റെ കരങ്ങളത്രേ പ്രാപ്പിടിയന്മാർ. എനിക്കും സഹജർക്കും ആഹാരം കണ്ടെത്തുവാൻ എന്റെ കരങ്ങൾക്ക് ഉചിതമായ പരിശീലനം ആവശ്യമാണ്. അലസത ബാധിച്ചു നിഷ്ക്രിയനായിരിക്കാതെ പ്രവർത്തനനിരതനാകാനാണ് ആഗ്രഹം. അലസതയും, നിഷ്ക്രിയത്വവുമാണ് പല ജീവിതങ്ങളുടെയും പരാജയത്തിനു കാരണം."

സന്യാസിയുടെ വാക്കുകൾ: "നിശിതമായ വിമർശനം കൊണ്ടു സഹജീവികളെ തേജോവധം ചെയ്യുന്ന രക്ഷസ്സാകുന്ന എന്റെ നാവ്, അതിനെ കീഴടക്കാൻ എനിക്കു കഴിയണം. അല്ലെങ്കിൽ അത് അനർഥം വരുത്തും. വിപുലമായ നാശങ്ങൾ വരുത്തുവാൻ അതിനു കഴിവുണ്ട്. അതേസമയം സമസൃഷ്ടങ്ങളുടെ ജീവിതത്തെ കെട്ടിപ്പടുക്കാനും, രൂപാന്തരപ്പെടുത്താനും നാവിനു കഴിയുകയും ചെയ്യും."

"ശക്തിക്കാധാരമായ എന്റെ ഹൃദയം സിംഹമാണ്. അതിനെ മെരുക്കിയെടുത്തു സ്നേഹം കൊണ്ട് എനിക്ക് ശക്തനാകേണ്ടതുണ്ട്. ഹൃദയം തിന്മകൊണ്ടും ദുഷ്ടതകൊണ്ടും നിറഞ്ഞാൽ അനർഥങ്ങൾ സംഭവിക്കും. അശുദ്ധിയും മ്ലേച്ഛതയും കടന്നുവരും." അതുകൊണ്ട് ദാവീദ് പ്രാർഥിച്ചു: ദൈവമെ വെടിപ്പുള്ള ഹൃദയം എനിക്ക് തരണമേ എന്ന്. സ്ഥാനികളുടെ വേഷം മനുഷ്യരെ ബോധിപ്പിക്കാനുള്ളതാണ്. അതിന്റെ നിറം വെള്ളയോ, കറുപ്പോ, ചെമപ്പോ, കാവിയോ എന്തു തന്നെ ആയാലും വ്യത്യാസമൊന്നുമില്ല. അതിനകത്തുള്ള വ്യക്തിത്വമാണ് വെടിപ്പായിരിക്കേണ്ടത്.

ഹൃദ്യമായ ഒരു പ്രാർത്ഥന ശ്രദ്ധിക്കുക: ശത്രുവിന്റെ എല്ലാ വ്യാപരത്തിൽ നിന്നും എന്റെ ബോധത്തെയും, ദുർമോഹത്തോടെ നോക്കാതിരിക്കാൻ എന്റെ കണ്ണുകളെയും വ്യർഥമായവ കേൾക്കാതിരിക്കാൻ എന്റെ കാതുകളെയും, ദുർഭാഷണങ്ങളിൽ നിന്ന് എന്റെ അധരങ്ങളെയും, അധാർമികമായ പ്രവർത്തനങ്ങളിൽ നിന്ന് എന്റെ കൈകളെയും നിന്നിൽ ചലിക്കത്തക്കവണ്ണം എന്റെ അന്തരിന്ദ്രിയങ്ങളെയും കാത്തു കൊള്ളണമേ."

**ചോദ്യങ്ങൾ :**

(i) മേലധികാരിയോട് സന്യാസി എന്താണ് പറഞ്ഞത് ? **[3]**

(ii) കഴുകന്മാർ എന്ന് സൂചിപ്പിച്ചിരിക്കുന്നതെന്തിനെ ? എന്തു കൊണ്ട് ? **[3]**

(iii) കുതിരകളെ കടിഞ്ഞാണിട്ടു പിടിച്ചു നിയന്ത്രിക്കണമെന്ന് പറഞ്ഞതിന്റെ അർത്ഥം വിശദമാക്കുക. **[3]**

(iv) നാവ്, ഹൃദയം എന്നിവയുടെ പ്രാധാന്യം വിവരിക്കുക. **[4]**

(v) ഇന്ദ്രീയങ്ങളെ കടിഞ്ഞാണിടാനുള്ള ഉത്തമ പ്രാർത്ഥനയെന്ത് ? **[2]**

**Question 3**

(a) **Correct the following sentences :—** [4]

(തിരുത്തി എഴുതുക:)

(i) നാടകം രസകരവും ശ്രദ്ധാലുക്കളായ ശ്രോതാക്കളുമായിരുന്നതിനാൽ സമയം പോയതറിഞ്ഞില്ല.

(ii) നീ ഇങ്ങനെ സ്വയം ചിന്തിച്ചുപോയാൽ ഞാൻ എന്തുചെയ്യാനാണ്.

(iii) ഒറ്റ മഴകൊണ്ട് ഉണങ്ങിവരണ്ട കുളങ്ങൾ വീണ്ടും നിറഞ്ഞു.

(iv) ഗഹനമായ കുമാരനാശാന്റെ തത്ത്വചിന്ത കുട്ടികൾക്കു ദുർഗ്രഹമാണ്.

(b) **Use any THREE of the following in sentences of your own :—** [6]

(താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും **മൂന്നെണ്ണം** വാക്യത്തിൽ പ്രയോഗിക്കുക :)

(i) മുതലക്കണ്ണീർ

(ii) ഉപ്പു തൊട്ടു കർപ്പൂരം വരെ

(iii) ആനച്ചന്തം

(iv) ചാണക്യ തന്ത്രം.

## SECTION B

## PRESCRIBED TEXTBOOKS - 40 Marks

*Answer four questions from this Section on at least* ***three*** *of the prescribed textbooks.*

### ഗദ്യകൈരളി

### (GADYAKAIRALI)

**Question 4**

ഇതു സാഹിത്യകാരന്മാരുടെ മാത്രം സ്ഥിതിയല്ല എല്ലാ ബുദ്ധിജീവികളുടെയും എന്നുവേണ്ട എല്ലാ രാഷ്ട്രീയക്കാരുടെയും സാമൂഹിക പ്രവർത്തകരുടെയും സ്ഥിതിയാണ്

(i) സാഹിത്യത്തിന്റെ കേന്ദ്രലക്ഷ്യത്തെ മറന്നുകൊണ്ടുള്ള വാദപ്രതിവാദം എന്തായിരുന്നു ? **[1]**

(ii) മലയാള സാഹിത്യത്തിന്റെ സ്തംഭനത്തിന് കാരണമായി ലേഖകൻ പറയുന്നതെന്തെല്ലാം ? **[2]**

(iii) സമൂഹത്തിന്റെ മനഃസാക്ഷി മരവിച്ചതായി തോന്നുന്നതെന്തുകൊണ്ട് ? [2]

(iv) സാഹിത്യത്തിന്റെ മുഖമുദ്രയിലൂടെ അവതരിപ്പിക്കുന്ന കാപട്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക ? [5]

**Question 5**

ഒരു പുരോഹിതന്റെ യഥാർത്ഥ ധർമ്മം "ഹിഗ്വിറ്റ"യിലൂടെ എൻ. എസ്. മാധവൻ മനസ്സിലാക്കി തരുന്നു. സമർത്ഥിക്കുക. [10]

**Question 6**

വിദ്യാഭ്യാസത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണമെന്ന് ചിന്തിക്കാൻ ഗുരുവിനെ പ്രേരിപ്പിക്കുന്ന വസ്തുതകൾ സേതുവിന്റെ ഗുരുകുലം എന്ന കഥയെ ആസ്പദമാക്കി ചർച്ച ചെയ്യുക. [10]

## കാവ്യാഞ്ജലി

## (KAVYANJALI)

**Question 7**

"പാരിങ്കലേതുപമ ? ആ മൃദുമെയ്യിൽ നവ്യ -
താരുണ്യ മേന്തിയൊരുനിൻ നില കാണണംതാൻ"

(i) ആ മൃദു മേനിയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായത് ? [1]

(ii) പൂവ് ബാലത്വം കഴിച്ചുകൂട്ടിയതെങ്ങനെ ? [2]

(iii) "മിഴിയുള്ളവർനിന്നിരിക്കാം" - ആശയം വിശദമാക്കുക. [2]

(iv) പൂവിന്റെ അകാലപതനത്തിൽ വിലപിക്കുന്ന വണ്ടിന്റെ അവസ്ഥകൾ കവി എങ്ങനെ വർണ്ണിച്ചിരുക്കുന്നു ? [5]

**Question 8**

കുഞ്ചൻ നമ്പ്യാർ സ്യമന്തകം എന്ന കവിതയിലൂടെ സമൂഹത്തിലെ അനീതിയ്ക്കു നേരെ ശബ്ദമുയർത്തുന്നു. വിശകലനം ചെയ്യുക. [10]

**Question 9**

കോതമ്പുമണികൾ എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയാറാകുക. [10]

## അസുരവിത്ത്
## (ASURAVITH)

**Question 10**

"ആളുകൾ വേഗം മറക്കും, അമ്മ മറക്കില്ലെന്നതാണ് കുഴപ്പം".

(i) അമ്മ പൂന്തോട്ടത്തിൽ പോയി താമസിക്കാത്തതെന്നു കൊണ്ട് ? [1]

(ii) ശേഖരൻ നായരുടെ നാടു വിടലും തിരിച്ചു വരവും വിവരിക്കുക. [2]

(iii) കുമാരന്റെ കല്യാണക്കാര്യത്തിൽ 'പുളിങ്കൊമ്പ്' പിടിക്കണം എന്നു അമ്മ പറയാൻ കാരണം എന്ത്? [2]

(iv) പാറുക്കുട്ടിയുടെ വിവാഹം ഗോവിന്ദൻ കുട്ടി അദ്ഭുതത്തോടെ ഓർക്കാൻ കാരണമെന്ത് ? [5]

**Question 11**

മക്കത്തായത്തിന്റെയും മരുമക്കത്തായത്തിന്റെയും നല്ലതല്ലാത്ത വശങ്ങൾ മാത്രം സമ്മേളിക്കുന്ന ഒരവസ്ഥാവിശേഷമാണ് അസുരവിത്തലെ ഇതിവൃത്ത പശ്ചാത്തലം - വിശദമാക്കുക. [10]

**Question 12**

ഗോവിന്ദൻ കുട്ടിയും കുഞ്ഞരയ്ക്കാരും തമ്മിലുള്ള സൗഹൃദവും അതിന്റെ പരിണാമവും വിവരിക്കുക. [10]

## ആ മനുഷ്യൻ നീ തന്നെ
## (AA MANUSHYAN NEE THANNE)

**Question 13**

യഹോവേ, ക്രോധത്തോടെ എന്നെ ശിക്ഷിക്കരുതേ ഉഗ്രനീരസത്തോടെ എന്നെ ദണ്ഡിപ്പിക്കരുതേ.......

(i) ബത്ത്ശേബ കാത്തു നില്ക്കുന്നതാരെ ? അന്ന അതേപ്പറ്റി എന്താണ് പറഞ്ഞത് ? [1]

(ii) ബത്ത്ശേബ ഇങ്ങനെ പ്രാർത്ഥിക്കുവാനുള്ള കാരണമെന്ത് ? [2]

(iii) പെണ്ണല്ലേ ജാതി............ അന്ന ഇപ്രകാരം പറയുന്നതെന്തുകൊണ്ടാവാം ? [2]

(iv) ബത്ത്ശേബയോട് അന്ന എന്തെല്ലാം പറയുന്നുണ്ട് ? [5]

**Question 14**

വിശ്വാസവഞ്ചനയ്ക്ക് പാത്രമായ കഥാപാത്രമാണ് ഊറിയ - സ്വാഭിപ്രായം രേഖപ്പെടുത്തുക. [10]

**Question 15**

"പാപത്തിന്റെ ഫലം മരണം ഏറ്റെടുത്തു". ദാവീദ് രാജാവ് ഇങ്ങനെ പറയുവാനുള്ള സാഹചര്യം വിശദമാക്കുക. [10]

---